(സി) ഇല്ല. പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കി, അലൈൻമെന്റ് അംഗീകരിച്ചതിനുശേഷം ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും സർവ്വീസ് ലൈനുകൾ മാറ്റുന്നതിനുമായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി അതിനു മാത്രമായി ഭരണാനുമതി നേടുകയും അതിനുശേഷം ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതിക്ക് അയക്കണമെന്നാണ് വ്യവസ്ഥ.

(ഡി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം

310 [2367] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇതേ കാലയളവിൽ മറ്റു ജില്ലകളിൽ എത്ര കോടി രൂപ അടങ്കലുള്ള എത്ര പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 1996-2001 കാലയളവിൽ സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും ഇവയിൽ എത്ര എണ്ണം പണി പൂർത്തിയാക്കിയെന്നും എത്രയെണ്ണം നിർമ്മാണഘട്ടത്തിലുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 6 പാലങ്ങൾക്ക്.

ഇവ താഴെപ്പറയുന്നവയാണ്:

1. എൽക്കാനപ്പാലം
2. പെരുമ്പളക്കടവ് പാലം
3. എരപ്പുംകടവ് പാലം
4. ഒടയൽചാൽ പാലം
5. പൈനിക്കര പാലം
6. പട്ടേല പാലം

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽ 88.69 കോടി രൂപ അടങ്കൽ ചെലവിൽ 53 പാലങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ 16.837 കോടി രൂപ അടങ്കൽ ചെലവിൽ 9 പാലങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡ്സ് വിഭാഗത്തിൽ 157 പാലങ്ങൾക്ക് ഭരണാനുമതി നൽകി. ഇതിൽ 85 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായി. 47 എണ്ണം നിർമ്മാണ ഘട്ടത്തിലാണ്. 25 എണ്ണത്തിന്റെ പണികൾ പ്രാരംഭഘട്ടത്തിലാണ്. ദേശീയപാത വിഭാഗത്തിൽ 6 പാലങ്ങൾക്ക് ഭരണാനുമതി നൽകി. ഇതിൽ 4 പാലങ്ങളുടെ പണികൾ പൂർത്തിയായി. ഒരു പാലം നിർമ്മാണഘട്ടത്തിലാണ്.

തെക്കേടത്ത് കടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടി

311 [2368] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത്, വേളം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തെക്കേടത്തു കടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയാണെന്ന് നിർണ്ണയിച്ചിട്ടുണ്ടോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയിൽ നിന്നാണെന്ന് വിശദമാക്കാമോ;

(ഇ) പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 350 ലക്ഷം രൂപ.

(സി ആന്റ് ഡി) നബാർഡ് ധനസഹായത്തോടെ ഈ പാലം പണി നടത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ഇ) എസ്റ്റിമേറ്റ് തയ്യാറായി. ഡീറ്റെയിൽഡ് ഡിസൈൻ തയ്യാറാക്കിവരുന്നു.

പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

312 [2369] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ധർമ്മടം-എരഞ്ഞോളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly